ശ്രീ. പി. രാഘവൻ : കേരളത്തിലെ വികസന പ്രവർത്തനങ്ങളെക്കൂടി പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : പ്രതിഷേധം അറിയിക്കാൻ തയ്യാറാണ്.

V. സബ്മിഷൻ

(1) പട്ടാഴി വടക്കേക്കര വില്ലേജിലെ കൃഷ്ണൻകുട്ടിയുടെ മരണം

ശ്രീ. കെ. പ്രകാശ് ബാബു : സർ, പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി വടക്കേക്കര പഞ്ചായത്തിലെ മാടൻതുരുത്ത് ഹരിജൻ കോളനിയിലെ കൃഷ്ണൻകുട്ടി 1999 ജനുവരി മാസം കൊല ചെയ്യപ്പെട്ടതാണ്. ഒരു വർഷമായിട്ടും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ഒരു തുമ്പും കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഈ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണം ക്രൈംബ്രാഞ്ചിനെയോ മറ്റ് ഏതെങ്കിലും ഏജൻസിയേയോ ഏൽപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പട്ടാഴി വടക്കേക്കര വില്ലേജിൽ മാടൻതുരുത്ത് കോളനിയിലെ പാറവിള വീട്ടിൽ കൃഷ്ണൻകുട്ടി 8.1.99-ന് രാവിലെ പത്തനാപുരം വടക്കഞ്ചേരി ഓമനക്കുട്ടൻപിള്ളയുടെ റബ്ബർ പുരയിടത്തിൽ മരിച്ചുകിടന്നിരുന്നു. ഇതുസംബന്ധിച്ച് പത്തനാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 12/99 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഴുകിത്തുടങ്ങിയ മൃതശരീരത്തിൽ മരണകാരണമായ മുറിവുകൾ ഇല്ലെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നു. വിസറയുടെ രാസപരിശോധന ഫലം കിട്ടിയാൽ മാത്രമേ മരണകാരണം വ്യക്തമാകുകയുള്ളൂ. കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്താൻ ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) വിധവകളായ താൽക്കാലിക ജീവനക്കാർക്ക് ഗവൺമെന്റ് വകുപ്പുകളിൽ സ്ഥിരം നിയമനം

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, എനിക്ക് നന്ദിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അങ്ങയിലൂടെ നിവേദനരൂപത്തിൽ എനിക്കൊരു കാര്യം അറിയിക്കാനുണ്ട്. പ്രത്യേക പരിഗണനകൾ നൽകി താൽക്കാലിക ജീവനക്കാരിൽ പല വിഭാഗത്തിൽപ്പെട്ടവർക്കും ഗവൺമെന്റ് സ്ഥിരം നിയമനം നൽകി വരുന്നുണ്ട്. വികലാംഗ വർഷം പ്രമാണിച്ച് താൽക്കാലിക ജീവനക്കാരായ വികലാംഗരിൽ ചിലർക്ക് സ്ഥിരം നിയമനം നൽകിയത് ഉദാഹരണമാണ്. വിധി വൈപരീത്യം കൊണ്ട് വിധവകളായി മാറിപ്പോയ അനവധി സ്ത്രീകൾ നമ്മുടെ നാട്ടിൽ കണ്ണീരോടെ കാലം കഴിച്ചു കൂട്ടുന്നു. പ്രത്യേകിച്ച് യുവ വിധവകൾ, പിഞ്ചുകുഞ്ഞുങ്ങളെ മാറോടടക്കിപ്പിടിച്ച്, പൈശാചികമായി പല്ലിളിക്കുന്ന ഭാവിയുടെ വെല്ലുവിളിയെ നേരിടാനാകാതെ നീറുന്ന നിസ്സഹായത വാരിവിഴുങ്ങേണ്ടി വരുന്നവർ. നെടുനാളത്തെ കണ്ണീരുനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭിക്കുന്ന ഒരു താൽക്കാലിക നിയമനത്തിന്റെ വയ്ക്കോൽ തുരുമ്പിൽ പിടിച്ചുനിൽക്കുന്ന അവരിൽ പലരും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly